# അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങൾ

റബ്ബ് എന്ന അല്ലാഹുവിന്റെ നാമമായിരുന്നു കഴിഞ്ഞ പാഠത്തിലെ മുഖ്യ പദം. അല്ലാഹുവിന്റെ 99 വിശിഷ്ട നാമങ്ങളിൽ ചിലതു കൂടി പരിചയപ്പെടാം. **الْأسماء الحسنى** എന്നാണ് അല്ലാഹുവിന്റെ പേരുകൾക്ക് പറയാറുള്ളത്. ഈ പ്രയോഗം വിശുദ്ധ ഖുർആനിൽ 7:180, 17:110, 20:8, 59:24 എന്നീ ആയത്തുകളിലായി നാലു തവണ കാണാം.

സൂറ *ത്വാഹ*യിൽ വന്ന ആയത്തും അതിന്റെ അർഥവും മാത്രം ഉദ്ധരിക്കുന്നു. ٱللَّهُ لَآ إِلَٰهَ إِلَّا هُوَ لَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ (അല്ലാഹു, അവനല്ലാതെ ഇലാഹില്ല. അവനുള്ളതാണ് ഉത്കൃഷ്ട നാമങ്ങളെല്ലാം- 20:8).

നാമങ്ങളുടെ മുമ്പിൽ ചേരുന്ന ഒരു പദമാണ് ഇന്ന(إِنَّ). 'തീർച്ചയായും' എന്നർഥം. ഉദാഹരണത്തിന് إِنَّ ٱللَّهَ هُوَ ٱلسَّمِيعُ ٱلْبَصِيرُ (തീർച്ചയായും അല്ലാഹുവത്രെ എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനും- 40:20).

**سميع** (കേൾക്കുന്നവൻ). **اَلسَّمِيعُ** (എല്ലാം കേൾക്കുന്നവനായ അല്ലാഹു). **سمع/السمع** എന്നാൽ കേൾവി / ചെവി എന്നർഥം.

إِنَّ رَبِّى لَسَمِيعُ ٱلدُّعَآءِ (തീർച്ചയായും എന്റെ റബ്ബ് ദുആ (പ്രാർഥന) നന്നായി കേൾക്കുന്നവനാണ്- 14:39). ഇവിടെ **سميع** നോടൊപ്പം (ل) എന്ന അക്ഷരം അധികമായി വന്നിട്ടുണ്ട്. നാമത്തിനെ/ വാക്കിനെ ശക്തിപ്പെടുത്താനും സ്ഥിരപ്പെടുത്താനും ഉപയോഗിക്കുന്ന 'അവ്യയ'മാണിത്. (ل) എന്ന അക്ഷരം നാമത്തിന്റെയും ക്രിയയുടെയും അവ്യയത്തിന്റെയും ഒപ്പം ചേരും. ഉദാ: وَإِنَّ رَبَّكَ لَيَحْكُمُ بَيْنَهُمْ (തീർച്ചയായും താങ്കളുടെ രക്ഷിതാവ് അവർക്കിടയിൽ തീർപ്പുകൽപിക്കുക തന്നെ ചെയ്യും- 16:124).

മുഹമ്മദ് നബിയുടെ വിശിഷ്ട സ്വഭാവത്തെ പുകഴ്ത്തിപ്പറയുന്ന അല്ലാഹുവിന്റെ വചനം നോക്കൂ: وَإِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ (തീർച്ചയായും നീ (നബി) ഉൽകൃഷ്ടമായ സ്വഭാവത്തിന്റെ ഉടമയാണ്- 68:4).

**أَخْلَاق** (ج) **خلق** = സ്വഭാവം. **بصير** (ബസ്വീർ) = കാണുന്നവൻ. **اَلْبصير** (അൽ ബസ്വീർ)= എല്ലാം കാണുന്ന(അല്ലാഹു), സൂക്ഷ്മ ദൃഷ്ടി.

കണ്ണ്, കാഴ്ച, അറിവ്, ഉൾക്കാഴ്ച എന്നൊക്കെ അർഥമുള്ള **بصر** എന്ന പദത്തിൽ നിന്നാണ് **بصير** ഉണ്ടായത്. **عظيم** എന്ന പദത്തിന് മഹത്തായ, അതിമഹത്തായ, ഗംഭീരമായ എന്നീ അർഥങ്ങൾക്ക് പുറമെ കടുത്ത, കഠിനമായ, കൊടിയ, ഗുരുതരമായ, ഭയങ്കരമായ എന്നീ അർഥങ്ങളുമുണ്ട്. ഉദാ: وَلَهُمْ عَذَابٌ عَظِيمٌ (അവർക്ക് കടുത്ത ശിക്ഷയുണ്ട്- 2:7). فَلَكُمْ أَجْرٌ عَظِيمٌ (അപ്പോൾ നിങ്ങൾക്ക് മഹത്തായ പ്രതിഫലമുണ്ട്- 3:179). وَهُوَ ٱلْعَلِىُّ ٱلْعَظِيمُ (അവൻ -അല്ലാഹു- അത്യുന്നതനും അതിമഹാനുമാണ്- 2:255).

അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങളിൽ പലതവണ ആവർത്തിച്ച മറ്റൊന്ന് **العزيز** (അൽ അസീസ്) ആണ്. പ്രതാപി, അജയ്യൻ എന്നൊക്കെയാണ് അർഥം.

സൂറഃ *അശ്ശുഅറാഇൽ* മാത്രം എട്ട് തവണ ആവർത്തിച്ച ആയത്ത് താഴെ:

وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ ٱلرَّحِيمُ (തീർച്ചയായും നിന്റെ നാഥൻ അജയ്യനും നിരന്തരം കാരുണ്യം ചൊരിയുന്നവനും തന്നെ- 26:9). ഇതേ സൂറയിലെ 68,104,122,140, 159, 175, 191 എന്നീ ആയത്തുകളിലാണ് ഈ വാചകം ആവർത്തിക്കുന്നത്.

മറ്റൊരു വിശേഷണമായ **عَليم** (അലീം) എന്ന വാക്കിന്റെ അർഥം എല്ലാം അറിയുന്നവൻ, സർവജ്ഞാനി എന്നെല്ലാമാണ്.

ഉദാ: إِنَّ ٱللَّهَ سَمِيعٌ عَلِيمٌ (തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനും തന്നെ- 2:181).

ഈ പാഠത്തിൽ വന്ന അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങൾ നമുക്ക് താഴെ പറയുന്ന വിധത്തിൽ സംഗ്രഹിക്കാം (അക്ഷരമാല ക്രമത്തിൽ).

| നാമം | അർഥം | ആവർത്തനം |
|---|---|---|
| بَصِيرٌ | സൂക്ഷ്മദൃഷ്ടി | 53 |
| رَحِيمٌ | നിരന്തരം കാരുണ്യം ചൊരിയുന്നവൻ | 115 |
| سَمِيعٌ | എല്ലാം കേൾക്കുന്നവൻ | 47 |
| عَزِيزٌ | അജയ്യൻ, പ്രതാപി | 99 |
| عَظِيمٌ | അതിമഹാൻ | 107 |
| عَلِيمٌ | സർവജ്ഞാനി | 161 |

ഈ പരമ്പരക്ക് തൽക്കാലം അർധ വിരാമമിടുന്നു. പഠിക്കാൻ ഒരുങ്ങിയുറച്ച ആളുകൾ പിന്തിരിയരുത്. പൈശാചിക പ്രേരണകളെ കരുതിയിരിക്കുക. അല്ലാഹുവിന്റെ വചനങ്ങൾ പഠിക്കുന്നതിൽ ഏറ്റവും പ്രയാസം സൃഷ്ടിക്കുന്നതും ആലസ്യമുണ്ടാക്കുന്നതും പിശാചു തന്നെ. തുടർന്നു പഠിക്കാൻ സഹായകമായ ചില പുസ്തകങ്ങളും വെബ്സൈറ്റുകളും താഴെ:

1. UNDERSTAND THE QUR'AN & SALAH - BY Dr. Abdulazeez Abdulraheem
2. www.understandquran.com. ഈ സൈറ്റിൽ മലയാളത്തിലുള്ള പാഠങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.
3. 80% of QURANIC WORDS. compiled by Dr. Abdulazeez Abdulraheem.

അല്ലാഹു അനുഗ്രഹിക്കട്ടെ.

abdullah.manham@gmail.com